ഉത്തരം

(എ & ബി) ഇല്ല. ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിയതിനു ശേഷമാണ് പരീക്ഷണാടിസ്ഥാനത്തിൽ വാഹന ഗതാഗതം നിയന്ത്രിക്കുന്നതിന് തീരുമാനിച്ചത്.

(സി) നിവേദനം ലഭിച്ചിട്ടില്ല.

ആറ്റിങ്ങലിലെ പുതിയ ബൈപ്പാസ്

148 (2248) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗത കുരുക്കിന് പരിഹാരമായി പുതിയ ബൈപ്പാസിന് സ്ഥലമെടുത്ത് വർഷങ്ങളായിട്ടും നടപടികളൊന്നുമാകാതെ നീണ്ടു പോകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഏത് നിയമം, ചട്ടം അനുസരിച്ചാണെന്നും ആയതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് നിയമ വ്യവസ്ഥയുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) ഡ്രെയിനേജിന്റെ സംരക്ഷണം മുൻനിർത്തി സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഉത്തരവ് ഇറക്കുന്നതിനും ഡ്രെയിനേജ് സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആറ്റിങ്ങൽ ബൈപ്പാസ് ഓച്ചിറ മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതാ വികസന പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണം ആരംഭിക്കുന്നതാണ്.

(ബി) ആറ്റിങ്ങൽ ബൈപ്പാസിനുവേണ്ടിയിട്ടുള്ള സ്ഥലമെടുപ്പിനായി 3എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ആയതിനുവേണ്ടിയുള്ള കല്ലിടൽ പൂർത്തിയാക്കുകയും ചെയ്തു.

(സി) ഇല്ല

(ഡി & ഇ) ദേശീയപാത 17, 47 എന്നിവ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള സ്ഥലമെടുപ്പുമൂലം ബുദ്ധിമുട്ട് നേരിടുന്നവർക്കുള്ള പുനരധിവാസ പാക്കേജ് സംബന്ധിച്ച തീരുമാനമായാലുടൻ പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly